(ബി) ഇവയുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീണ്ടകര, ബേപ്പൂർ എന്നീ മത്സ്യ ബന്ധന തുറമുഖങ്ങളുടെയും തോട്ടപ്പള്ളി ഫിഷ് ലാന്റിംഗ് സെന്ററിന്റെയും പുനരുദ്ധരണത്തിന് നടപ്പു സാമ്പത്തിക വർഷം നടപടി ആരംഭിക്കുന്നതാണ്.

ഗ്രാമവികസന വകുപ്പിന്റെ പുനഃസംഘടന

30 (1938) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന്റെ പുനഃസംഘടനയെക്കുറിച്ച് ബാബുപോൾ കമ്മീഷൻ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഏതെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

നിർദ്ധന ഗ്രാമീണ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതി

31 (1939) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് മുഖാന്തിരം നിർദ്ധന ഗ്രാമീണ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ മൂന്നുവർഷമായി എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ഭവനനിർമ്മാണ പദ്ധതി പ്രകാരം ഓരോ ഉപഭോക്താവിനും ഇപ്പോൾ അനുവദിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly